13-01-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 13/01/2022

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള നടപ്പിലാക്കുന്ന **അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചർ മുഖേനയുള്ള പച്ചക്കറി കൃഷിയുടെ സംസ്ഥാനതല ഉദ്ഘാടനം** ഇന്ന് (ജനുവരി 13) രാവിലെ 11.30-ന് ഗവൺമെന്റ് സെക്രട്ടറിയേറ്റ് വളപ്പിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

2. പാലക്കാട് ജില്ലയിലെ കേരളശ്ശേരി സെന്റർ ക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന **ക്ഷീരകർഷക സംഗമത്തോ**ടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനവും പാലക്കാട് ജില്ലയിലെ മികച്ച ക്ഷീരകർഷകനെ ആദരിക്കലും **ഇന്ന്** (ജനുവരി 13) രാവിലെ 9.30-ന് കേരളശ്ശേരി സൗപർണ്ണിക ഓഡിറ്റോറിയത്തിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. കോങ്ങാട് എം.എൽ.എ അഡ്വ. കെ. ശാന്തകുമാരി അദ്ധ്യക്ഷത വഹിക്കും. ക്ഷീരസംഗമത്തോടനുബന്ധിച്ച് ഡയറി ക്വിസ്, എക്സിബിഷൻ, ക്ഷീരവികസന സെമിനാർ എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

3. പാലക്കാട് ജില്ലയിലെ ക്ഷീരവികസനവകുപ്പ് ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ആസ്തി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപ ധനസഹായം നൽകി സ്ഥാപിച്ച 20 KW സോളാർ പവർപ്ലാന്റിന്റെ ഉദ്ഘാടനം ഇന്ന് (ജനുവരി 13) രാവിലെ 11 മണിക്ക് ചുള്ളിമട ക്ഷീരസംഘത്തിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ എ. പ്രഭാകരൻ അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ മുഖ്യാതിഥി ആയിരിക്കും.

4. പാലക്കാട് ജില്ലയിൽ ക്ഷീരവികസന പദ്ധതി ധനസഹായത്തോടെയും മലബാർ മേഖലാ യൂണിയന്റെ സഹകരണത്തോടെയും നിർമ്മിച്ച വടക്കൻ വെള്ളിനേഴി ക്ഷീരോത്പാദക സഹകരണ സംഘം കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് (ജനുവരി 13) ഉച്ചയ്ക്ക് 2.30-ന് ഷൊർണ്ണൂർ എം.എൽ.എ പി. മമ്മിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് മലബാർ മേഖലാ യൂണിയൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘത്തിനനുവദിച്ച ബൾക്ക് മിൽക്ക് കൂളർ സ്വിച്ച് ഓൺ കർമ്മവും, സംഘത്തിലെ മികച്ച കർഷകരെ ആദരിക്കൽ എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

5. സി.പി.സി.ആർ.ഐ യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **സ്കിൽഡ് അസിസ്റ്റന്റ്** എന്ന തസ്തികയിൽ ഈ മാസം 20-ന് (ജനുവരി 20) എഴുത്ത്/പ്രായോഗിക പരീക്ഷയും ഇന്റർവ്യൂവും നടത്തുന്നു. ഉയർന്ന പ്രായപരിധി ജനുവരി 20-ന് പുരുഷന്മാർക്ക് 35 വയസ്സും സ്ത്രീകൾക്ക് 40 വയസ്സുമാണ്. പത്താം തരം പാസ്, അഗ്രോ/ഫുഡ് പ്രോസസിംഗ് മെഷിനറികളിലെ പ്രവർത്തി പരിചയം, ഇരുചക്രവാഹന ഡ്രൈവിംഗിൽ ഉള്ള പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. ഐ.ടി.ഐ/പോളിടെക്നിക്ക് ഡിപ്ലോമ അഭികാമ്യം. പ്രതിമാസ ഫെല്ലോഷിപ്പ് 15000 രൂപയാണ്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഈ മാസം **18-നകം** (ജനുവരി 18) **0479-2959268, 2449268, 9447790268** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvkalappuzha.icar.gov.in , www.cpcri.icar.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

6. നെല്ലിനെ ആക്രമിക്കുന്ന **തണ്ടുതുരപ്പൻ, ഓലചുരുട്ടി** എന്നീ കീടങ്ങളുടെ ജൈവീക നിയന്ത്രണത്തിന് ഉപയോഗിക്കുന്ന **ട്രൈക്കോഗ്രാമ മുട്ടക്കാർഡുകൾ** ആലപ്പുഴ പാരസൈറ്റ് ബ്രിഡിംഗ് സ്റ്റേഷൻ മുഖേന ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കർഷകർ **8089638349** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പന കേന്ദ്രത്തിൽ മുട്ടയിടാൻ പ്രായമായ **ഗിരിരാജ** ഇനത്തിൽപ്പെട്ട കോഴികൾ ഒരെണ്ണം 300 രൂപ നിരക്കിൽ വിൽക്കുന്നതിനായുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380, ഗ്രാമശ്രീ** എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

9. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജനുവരി 13 ന്) രാവിലെ 11 മണിക്ക് **രുചിയേറും പഴവിഭവങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ജനുവരി 18 -ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

11. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (ജനുവരി **14-ന്** ) **പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17,18 തീയതികളിൽ **ആട് വളർത്തൽ,** 24-ന് **കാടവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0479-2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

13. കമുകിന് മണ്ട മറിച്ചിൽ ലക്ഷണം കണ്ടു വരുന്നു. ഇത് നിയന്ത്രിക്കാനായി ഓരോ കമുകിനു ചുറ്റും 250 ഗ്രാം വീതം കുമ്മായം ഇട്ട് നനച്ചുകൊടുക്കണം. ഒരാഴ്ച കഴിഞ്ഞ് ബോറാക്സ് പൗഡർ 25 ഗ്രാം വീതം കമുകിന്റെ വേരിന്റെ ഭാഗത്ത് ഇട്ടു കൊടുക്കാം. കൂടാതെ ഫൈറ്റോലാൻ 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓലകളിൽ തളിയ്ക്കുന്നതും നല്ലതാണ്. തെക്കൻ വെയിലിന്റെ ചൂടു കൊണ്ട് പൊള്ളൽ ഏൽക്കാതിരിക്കാൻ തടിക്കു ചുറ്റും ഓല കെട്ടുകയോ വെള്ള പൂശുകയോ ചെയ്യാം. ചെറു

തൈകൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം. വിത്തടക്ക ശേഖരിക്കുകയും പാകുകയും ചെയ്യുന്നത് തുടരാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം